**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനവാസ മേഖലകളിലിറങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ കർഷകർ അടക്കം കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശം ഉണ്ടാക്കുന്ന ഭീഷണിയെ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങാതിരിക്കുന്നതിനായി കഴിയുന്ന എല്ലാ മുൻകരുതലുകളും കൈക്കൊള്ളാറുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നവയെ തിരികെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കുപുറമേ ആവശ്യത്തിന് ദിവസ വേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ ആശ്രിതർ സമർപ്പിച്ച നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക കൈമാറുകയും ചെയ്തുവരുന്നു. കൂടാതെ മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രണ വിധേയമാക്കാൻ പ്രായോഗികവും സംയോജിതവുമായ സമീപനം ആവശ്യമാണ്. |

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായി എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, സന്നദ്ധസംഘടനകൾ, വനംവകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടി വെബ് സൈറ്റിൽ പൊതു നിർദ്ദേശങ്ങൾ ക്ഷണിക്കുന്ന ഒരു അറിയിപ്പ് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിലും റേഡിയോയിലും പരസ്യം ചെയ്യതിൽ ലഭിച്ച 1600 ൽ പരം നിർദ്ദേശങ്ങൾ വിശകലനം ചെയ്യുകയും നിയമപരവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കികേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | വയനാട്ടിലെ തൊണ്ടർനാട് പുതുശ്ശേരി വെള്ളാരംകുന്നിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ കർഷകൻ മരിച്ച സംഭവത്തിൽ കുടുംബത്തിന് ആശ്വാസം നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വയനാട്ടിലെ തൊണ്ടർനാട് പുതുശ്ശേരി വെള്ളാരംകുന്നിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ മരിച്ച കർഷകന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുകയും ടിയാൻറെ മകന് നോർത്ത് വയനാട് ഡിവിഷനിൽ മാനന്തവാടി റെയിഞ്ചിലെ മക്കിയാട് സ്റ്റേഷൻ പരിധിയിൽ വരുന്ന മീൻമുട്ടി ഇക്കോ ടൂറിസം സെൻററിൽ താൽക്കാലിക നിയമനം നൽകുകയും ചെയ്തു. കൂടാതെ ആശുപത്രി ചിലവിനത്തിലെ 11,773 രൂപയുടെ ബിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ മുഖാന്തിരം കല്പറ്റയിലെ ലിയോ മേട്രോ കാർഡിയാക്ക് സെൻറർ ഹോസ്പിറ്റലിൽ പേയ്മെൻറ് നടത്തിയിട്ടുമുണ്ട്. |
| (സി) | വന്യജീവികളുടെ ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | വന്യജീവികളുടെ ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്നത് തടയാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങൾ വനത്തിന് പുറത്തേക്ക് ഇറങ്ങാതിരിക്കുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങൾ വനാതിർത്തികളിൽ (സോളാർ ഫെൻസിംഗ്, ഹാംഗിങ് ഫെൻസ്, ആനമതിൽ, കിടങ്ങുകൾ മുതലായവ) നിലവിൽ നടത്തിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി കേരള വനം വകുപ്പ് ആസ്ഥാനത്തു നിന്നും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തുടനീളം വന്യജീവികളുടെ ആക്രമണം | (ഡി) | സംസ്ഥാനത്ത് ഉടനീളം വന്യജീവികളുടെ ആക്രമണം |

| | | | |
|---|---|---|---|
| | തടയാൻ യുദ്ധകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | തടയാൻ സാഹചര്യങ്ങളുടെ ആവശ്യകത / ഗൗരവം മനസ്സിലാക്കി നടപടികൾ സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങൾ വനത്തിനോടുചേർന്ന ജനവാസ മേഖലകളിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ കൂടുകൾ സ്ഥാപിക്കുന്നതിനും, സുരക്ഷിതമായി അവയെ പിടികൂടി തിരികെ വനത്തിൽ വിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം കൂടി ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ